# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 7108. 16/07/2012 - ലെ മറുപടിക്ക്

## മലബാറിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ഹയർ സെക്കന്ററി പഠന സൗകര്യം ഇല്ലാത്തത്; ഇത്തരം ഗ്രാമപഞ്ചായത്തുകളിൽകൂടി ഹയർ സെക്കന്ററി കോഴ്സ് ഈ അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 124.<br>പരിശോധിക്കുന്നതാണ്. |
| (ബി) | പത്താംതരം ശരാശരിക്ക് മുകളിൽ ജയിച്ച കുട്ടികൾക്ക്പോലും ഇപ്രാവശ്യം പ്ലസ് വണ്ണിന് അഡ്മിഷൻ ഇതുവരെ കിട്ടിയില്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്ലസ് വണ്ണിന് ഇപ്പോൾ അധിക സീറ്റുകൾ അനുവദിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ ഗ്രൂപ്പുകൾക്ക് എത്ര സീറ്റുകൾ വീതം അധികമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് മേഖലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും 20% സീറ്റുകളുടെ മാർജിനൽ വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം ഹയർ സെക്കന്ററി കോഴ്സുകളുടെ കുറവ് പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ മലബാർ മേഖലയിൽ അനുവദിച്ച 178 സ്കൂളുകളിൽ ജോലി നോക്കിവരുന്ന ലാബ് അസിസ്റ്റന്റ്മാർക്ക് ഇതേവരെ യാതൊരുവിധ ആനുകൂല്യവും കിട്ടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടുവോ; എങ്കിൽ ഇത്തരക്കാർക്ക് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റ് തസ്തികകൾ റീ അലോക്കേറ്റ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.